ബാലികയെ മാനഭംഗം ചെയ്യാൻ ശ്രമിച്ച കേസ്

90(831)ശ്രീമതി ആർ. ലതാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കടയ്ക്കൽ പോലീസ് സ്റ്റേഷനതിർത്തിയിലുള്ള മാങ്കോട് സ്കൂളിലെ പിഞ്ചു ബാലികയെ അയൽവാസി മാനഭംഗം ചെയ്യാൻ ശ്രമിച്ച കേസ് രജിസ്റ്റർ ചെയ്തത് എന്താണെന്ന് അറിയിക്കുമോ;

(ബി) ഈ കേസിലെ പ്രതി ആരാണെന്നതും പ്രസ്തുത വ്യക്തിയെ അറസ്റ്റ് ചെയ്തോ എന്നും അറിയിക്കുമോ;

(സി) പ്രസ്തുത കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യാത്തത് മൂലം പോലീസിനെതിരായ പ്രചരണം വ്യാപകമാക്കുന്നു എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) ഈ പ്രതിയെ എന്നേക്ക് അറസ്റ്റ് ചെയ്യാനാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 11.11.1999-ൽ

(ബി) പ്രതി സാദിക്ക് ആണ് ടിയാനെ അറസ്റ്റ് ചെയ്തിട്ടില്ല.

(സി)&(ഡി) പ്രതിയെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തി വരുന്നു.

പെനാൽറ്റി കേസുകൾ ചാർജുചെയ്യുന്ന നടപടി

91(832) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തെ ചില പോലീസ് ഓഫീസർമാർ കൂലിവേലക്കാരായ റെയിൽവേ സ്റ്റേഷനിലെ ചുമട്ടുതൊഴിലാളികൾ ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നിവർക്കെതിരെ നിരന്തരം പെനാൽറ്റി കേസുകൾ ചാർജ് ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കായംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ എത്ര പെനാൽറ്റി കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ;

(സി) തൊഴിലെടുത്ത് ജീവിക്കുന്ന പാവപ്പെട്ടവരെ ഇപ്രകാരം വ്യാപകമായി പെനാൽറ്റി അടിക്കുന്നതിനുപകരം അവരെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കായംകുളം പോലീസിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കായംകുളം റെയിൽവെസ്റ്റേഷനിലെ ചുമട്ടു തൊഴിലാളികൾ കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കവെ അവർക്കെതിരെ പെറ്റികേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ, ഓട്ടോറിക്ഷാ ഡ്രൈവർമാർക്കെതിരെ ക്രമക്കേടുകൾക്ക് നിയമാനുസരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 288 ജനറൽ പെറ്റികേസുകളും 1366 മോട്ടോർ വെഹിക്കിൾ പെറ്റികേസുകളും.

LIBRARY ARCHIVES Kerala Legislative Assembly